# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2062 17.06.2014 ൽ മറുപടിക്ക്

### സബർബൻ ട്രെയിൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. ജോർജ്:<br>ഡോ. എൻ. ജയരാജ്:<br>ശ്രീ. റോഷി അഗസ്റ്റിൻ:<br>'' എം.വി. ശ്രേയാംസ് കുമാർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 'സബർബൻ ട്രെയിൻ പദ്ധതി' നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സബർബൻ റെയിൽ പദ്ധതി തുടങ്ങുന്നതിലേക്കായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സ്റ്റിയറിംഗ് കമ്മറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ പദ്ധതിയുടെ പ്രാരംഭ നടത്തിപ്പുകൾക്കായി ഇപ്പോൾ തിരുവനന്തപുരം ജില്ലാകളക്ടറായിട്ടുള്ള ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായും, അദ്ദേഹത്തിന്റെ കീഴിൽ കൺസൾട്ടന്റിനെയും നിയമിച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനമായ മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ (MRVC) ലിമിറ്റഡിനെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയതനുസരിച്ച് അവർ കരട് സാദ്ധ്യതാ പഠന റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിരുന്നോ; എങ്കിൽ ഏത് ഏജൻസിയാണ് ഇപ്രകാരം പഠനം നടത്തിയത്; പഠനറിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഇത് സംബന്ധിച്ച് വിശദമായ സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ കരട് ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള 125.56 കിലോമീറ്റർ ദൂരവും കായംകുളത്തു നിന്ന് ഹരിപ്പാട്ടേക്കുള്ള 13 കി.മീ ദൂരവുമാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ സെക്ടറിൽ മാത്രമാണ് ഇപ്പോൾ ഡബിൾ ലൈനുള്ളത്. ആദ്യ ഘട്ടത്തിൽ നിലവിലുള്ള റയിലുകളിൽ നിലവിലുള്ള എല്ലാ സ്റ്റേഷനുകളിലും ഓരോ 15 മിനിട്ട് ഇടവിട്ടും (പിക്ക് അവർ) നോൺ പീക്ക് സമയങ്ങളിൽ അരമണിക്കൂർ ഇടവിട്ടും ഹ്രസ്വദൂര ഇ.എം.യൂ (ഇലക്ട്രിക് മൾട്ടിപ്പിൾ യൂണിറ്റ്) തീവണ്ടികൾ ഓടിക്കാനാണ് പദ്ധതി. ഇപ്പോൾ മാനുവൽ സിഗ്നലിംഗ് സംവിധാനമാണ് നിലവിലുള്ളത്. ഇത് മാറ്റി ഓട്ടോമാറ്റിക് സിഗ്നലിംഗ് സമ്പ്രദായം ആക്കുന്നതു വഴി മറ്റ് കാര്യമായ മാറ്റങ്ങൾ ഒന്നും വരുത്താതെ തന്നെ |

| | | | |
|---|---|---|---|
| | | | നിലവിലുള്ളതിന്റെ ഇരട്ടി തീവണ്ടികൾ ഓടിക്കാനാവും. നിലവിലെ റെയിലുകളിൽ പുതിയതായി ലൈനുകൾ നിർമ്മിക്കാതെ പദ്ധതി നടപ്പാക്കുന്നതുകൊണ്ട് ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമില്ല എന്നുള്ളതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത.<br>സാദ്ധ്യതാ പഠന റിപ്പോർട്ട് അനുസരിച്ച് പദ്ധതിയിൽ മൂന്ന് ഘടകങ്ങളാണുള്ളത്.<br>1. ഓട്ടോമാറ്റിക് സിഗ്നലിംഗ്<br>2. പുതുതായി വാങ്ങുന്ന തീവണ്ടികൾ<br>3. റയിൽവേസ്റ്റേഷനുകളുടെ നവീകരണം. |
| (സി) | പ്രസ്തുത പദ്ധതിക്ക് ആവശ്യമായ വിഭവസമാഹരണവും പദ്ധതി നടത്തിപ്പും എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | പദ്ധതിക്കായി 3330.78 കോടി രൂപയാണ് ചിലവ് കണക്കാക്കിയിരിക്കുന്നത്. ഇത് സംസ്ഥാനസർക്കാരിനും കേന്ദ്രസർക്കാരിനും 50:50 അനുപാതത്തിൽ ഓഹരി പങ്കാളിത്തമുള്ളതോ അതിനു കഴിയുകയില്ലെങ്കിൽ സംസ്ഥാന സർക്കാരിനു കീഴിൽതന്നെയോ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ഫണ്ടിംഗിന്റെ ഘടനയും മറ്റുകാര്യങ്ങളും നിശ്ചയിച്ച ശേഷം ബാക്കി ആവശ്യമായി വരുന്ന തുക അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായും എടുക്കാനാണ് പദ്ധതി. കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറക്ക് മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കാനാകൂ. |
| (ഡി) | സബർബൻ ട്രെയിൻ പദ്ധതി 'മിഷൻ 676- ൽ' ഉൾപ്പെടുത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഈ പദ്ധതി മിഷൻ 676 ൽ ഉൾപ്പെടുത്തുകയും അതിൽ തന്നെ പ്രധാനപ്പെട്ട ഒൻപത് (നവരത്ന) പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. MRVC നൽകിയ സാദ്ധ്യതാ പഠന റിപ്പോർട്ട് പ്ലാനിംഗ് ബോർഡ് അംഗമായ ഡോ.ഇ.ശ്രീധരന് അയച്ചുകൊടുക്കുകയും അദ്ദേഹത്തിന്റെ അഭിപ്രായം ചീഫ് സെക്രട്ടറി തലത്തിലുള്ള കമ്മിറ്റി ചർച്ച ചെയ്ത് അന്തിമ സാദ്ധ്യതാ പഠന റിപ്പോർട്ടിന് ഉടൻ രൂപം നൽകുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ